4. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും നൽകുന്ന വായ്പകൾക്ക് പലിശ 16% വരെ എന്നത് 1% കുറച്ച് പരമാവധി 15% ആയി കുറവു ചെയ്തിട്ടുണ്ട്.

5. സ്വർണ്ണപണയ വായ്പയുടെ പരിധി ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശനിരക്ക് 12% ആയും നിജപ്പെടുത്തി.

കൂടാതെ താഴെപ്പറയുന്ന കാര്യങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:

(1) സഹകാരികൾക്ക് കൂടുതൽ സൗകര്യത്തിനായി ഞായറാഴ്ചകളിൽ ബാങ്കിംഗ് സേവനം നൽകാനായി 'സൺഡേ ബാങ്കിംഗ്' നടത്തുക.

(2) 1 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളും 50,000/ രൂപവരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാനുള്ള നിർദ്ദേശം നടപ്പിലാക്കുക.

(3) കൃത്യമായി വായ്പ മുതൽ പുക തിരിച്ചടക്കുന്ന ഹ്രസ്വകാലവിള വായ്പകളും നെൽകർഷകർക്കുള്ള വായ്പകളും പലിശ രഹിതമായി നൽകുക, ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന പലിശ ബാധ്യത സർക്കാർ നൽകുക.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.

സഹകരണ നിയമത്തിൽ ഭേദഗതി

88(2126) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിനായി കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണ്;

(ബി) പ്രസ്തുത കമ്മിറ്റി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമായിരുന്നു; കമ്മിറ്റി എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ?

GPM. 2/243/2020-24

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ. ചെയർമാനായും സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ശ്രീ. കെ. പി. സുരേഷ് ബാബു കൺവീനറായും 17 അംഗ കമ്മിറ്റിയാണ് രൂപീകരിച്ചിട്ടുള്ളത്. മറ്റ് കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം താഴെ കൊടുത്തിരിക്കുന്നു:

1. ശ്രീ. ജോയ് എബ്രഹാം, എം.പി. - ഡയറക്ടർ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ
2. ശ്രീ. കെ. എ. ചന്ദ്രൻ, എക്സ് എം.എൽ.എ. - പ്രസിഡന്റ്, പാലക്കാട് ജില്ലാ സഹകരണ ആശുപത്രി സംഘം
3. അഡ്വ. എൻ. ദാമോദരൻ നായർ, ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ
4. ശ്രീ. ഇ. എം. അഗസ്തി, എക്സ് എം.എൽ.എ. - പ്രസിഡന്റ്, ഇടുക്കി ജില്ലാ സഹകരണ ബാങ്ക്
5. ശ്രീ. പി. രാഘവൻ, എക്സ് എം.എൽ.എ. - ചെയർമാൻ, കാസർഗോഡ് എഡ്യുക്കേഷണൽ സഹകരണ സംഘം
6. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ, എക്സ് എം.എൽ.എ. - ചെയർമാൻ, അർബൻ സഹകരണ ബാങ്ക്, കൊട്ടാരക്കര.
7. ശ്രീ. മനയത്ത് ചന്ദ്രൻ, പ്രസിഡന്റ്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്
8. ശ്രീ. എം. മെഹബൂബ്, എം. ദാസൻ മെമ്മോറിയൽ ഇൻഫർമേഷൻ ടെക്നോളജി സഹകരണ സംഘം (MDit), കോഴിക്കോട്
9. ശ്രീ. കരകുളം കൃഷ്ണപിള്ള, മുൻ ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
10. ശ്രീ. പി. അബ്ദുൾ ഹമീദ്, ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്

11. ശ്രീ. സി. എൻ. വിജയകൃഷ്ണൻ, ചെയർമാൻ, കാലിക്കട്ട് സിറ്റി സർവ്വീസ് സഹകരണ ബാങ്ക്

12. ശ്രീ. ജെയിംസ് ജോസഫ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

13. ശ്രീ. എം. എം. രാജപ്പൻ, മുൻ ജനറൽ മാനേജർ, ഇടുക്കി ജില്ലാ സഹകരണ ബാങ്ക്

14. അഡ്വ. കെ. ജയവർമ്മ, പ്രസിഡന്റ്, തിരുവല്ല ഈസ്റ്റ് സഹകരണ ബാങ്ക്, ഇരവിപേരൂർ പി.ഒ., തിരുവല്ല

15. ശ്രീ. ഇ. ഷംസുദ്ദീൻ, പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്.

(ബി) പ്രസ്തുത കമ്മിറ്റി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) 1969-ലെ കേരള സഹകരണ സംഘം നിയമവും ചട്ടവും സമഗ്രമായി ഭേദഗതി ചെയ്യുക എന്നതാണ് കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ്. കമ്മിറ്റിയുടെ റിപ്പോർട്ട് ഉടൻതന്നെ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ ബാങ്കിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ

89(2127) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ നൽകുന്നതിന് 2011-12 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം വിതരണം ചെയ്യുകയുണ്ടായി;

(ബി) മേൽ പ്രസ്താവിച്ച ഓരോ വർഷവും ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 10 കോടി രൂപയിലധികം വായ്പ നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വായ്പകളുടെ പലിശ നിരക്ക്, കാലാവധി ഇവ എത്രയാണ്; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly